**ആർ ബി ഐ / 2006-2007 / 241**

RPCD (CO) RFD No.43 /07.38, 03 / 2006 -2007 ജനുവരി 31, 2007

എല്ലാ സംസ്ഥാന സഹകരണ ബാങ്കുകൾക്കും / ജില്ലാ സഹകരണ ബാങ്കുകൾക്കും

പ്രിയപെട്ട സർ,

**ക്ലീൻനോട്ട് പോളിസി -നോട്ടുകെട്ടുകൾ സ്റ്റേപ്പിൾ ചെയ്യൽ**

1. ഭാരതീയ റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ ഉണ്ടായിട്ടും ബാങ്കുകൾ നോട്ടുകെട്ടുകൾ സ്റ്റേപ്പിൾ ചെയ്യുന്ന പതിവ് തുടരുന്നതായി ശ്രദ്ധയിൽ പെട്ടിരിക്കുന്നു. ഈ ശീലം നോട്ടുകളെ കേടുവരുത്തി അതിന്റെ ഉപയോഗകാലം കുറയ്ക്കുക മാത്രമല്ല ഉപഭോക്താക്കൾക്ക് നോട്ട്കെട്ടുകൾ തുറക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യും

2. ബാങ്കുകൾ വീണ്ടും ഇഷ്യു ചെയ്യാവുന്നതും അല്ലാത്തതുമായ നോട്ടുകൾ തരം തിരിക്കാതെ മുഷിഞ്ഞ നോട്ടുകൾ പൊതുജനങ്ങൾക്ക് നൽകുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട് . ലൂസായിട്ടുള്ള കെട്ടുകളുടെ വാട്ടർമാർക്ക് വിൻഡോയുടെ മേൽ നോട്ടുകളുടെ എണ്ണം എഴുതുകയും വാട്ടർമാർക്കിനെ തിരിച്ചറിയാനാവാത്ത വിധം വികൃതമാക്കുകയും ചെയ്യുന്ന പതിവും ബാങ്കുകൾ തുടർന്നുവന്നു .

3. അതിനാൽ ഈ തീരുമാനങ്ങൾ ഇനിമുതൽ ഉടനടി നിലവിൽ വരുത്തേണ്ടതാണ് .

(എ) ബാങ്കുകൾ നോട്ടുകെട്ടുകൾ സ്റ്റാപ്പിൾ ചെയ്യുന്നത് ഒഴിവാക്കി അവ പേപ്പർ ബാന്റുകൾ ഉപയോഗിച്ച് ബന്ധിക്കണം.

(ബി) വീണ്ടും ഇഷ്യു ചെയ്യാവുന്നതും അല്ലാത്തതുമായ നോട്ടുകളെ തരം തിരിച്ചും വൃത്തിയുള്ള നോട്ടുകൾ മാത്രമെ പൊതുജനങ്ങൾക്ക് നൽകാവൂ .സ്റ്റേപ്പിൾ ചെയ്യാത്ത മുഷിഞ്ഞ നോട്ടുകൾ റിസർവ്വ് ബാങ്കിൽ കറൻസി ചെസ്റ്റിലേക്കുള്ള ഇൻവേഡ് അടവുകളായി കൊടുക്കാവുന്നതാണ് .

(സി) ബാങ്ക് നോട്ടുകളുടെ വാട്ടർമാർക്ക് വിൻഡോ യാതൊന്നും തന്നെ അടയാളപ്പെടുത്താൻ പാടില്ല.

4. ഇതു പ്രകാരം , ഞങ്ങളുടെ 2007, ജനുവരി 31ലെ നിർദ്ദേശം ആർ പി സി ഡി .സി ഒ .ആർ എഫ് .ഡി ഐ ആർ .നമ്പർ 44 / 0 -38.03 / 2006 - 07 അടക്കം ചെയ്തിരിക്കുന്നു .

5. കൈപറ്റിയതായി ഞങ്ങളുടെ പ്രാദേശിക ഓഫീസിനെ അറിയിക്കുക.

വിശ്വസ്തതയോടെ

(സി .എസ് . മൂർത്തി )

ചീഫ് ജനറൽ മാനേജർ - ഇൻ - ചാർജ്

**<u>ക്ലീൻ നോട്ട് പോളിസി - നോട്ട് കെട്ടുകൾ സ്റ്റാപ്പിൾ ചെയ്യൽ</u>**

1949 ലെ ബാങ്കിങ്ങ് റെഗുലേഷൻ ആക്ടിന്റെ സെക്ഷൻ 56 , സെക്ഷൻ 35 എ കൂട്ടിവായിക്കുമ്പോൾ നൽകപ്പെട്ടിരിക്കുന്ന അധികാരം ഉപയോഗപ്പെടുത്തുന്നത് പെതുജനതാല്പര്യത്തിന് ആവശ്യമാണെന്ന് കണ്ടതുകൊണ്ട് ഭാരതീയ റിസർവ്വ് ബാങ്ക് ഇനി മുതൽ ഉടനടി നിലവിൽ വരേണ്ട നിർദ്ദേശങ്ങൾ താഴെ നൽകുന്നു;

(i) പുതിയ / വീണ്ടും ഇഷ്യു ചെയ്യാവുന്ന / വീണ്ടും ഇഷ്യു ചെയ്യാനാവാത്ത നോട്ടുകെട്ടുകൾ സ്റ്റാപ്പിൾ ചെയ്യുന്നതു നിർത്തി അവയെ പേപ്പർ ബാൻഡുകൾ ഉപയോഗിച്ച് ബന്ധിക്കണം .

(ii) ബാങ്കുകൾ വീണ്ടും ഇഷ്യു ചെയ്യാവുന്നതും അല്ലാത്തതുമായ നോട്ടുകൾ തരം തിരിച്ചു പൊതുജനങ്ങൾക്ക് വൃത്തിയുള്ള നോട്ടുകൾ മാത്രമെ നൽകാവൂ . സ്റ്റാപ്പിൾ ചെയ്യാത്ത മുഷിഞ്ഞ നോട്ടുകൾ റിസർവ്വ് ബാങ്കിന്റെ കറൻസി ചെസ്റ്റിലേക്കുള്ള അടവുകളായി നൽകണം .

(iii) ബാങ്കുകൾ ഇനിമേൽ വാട്ടർമാർക്ക് വിൻഡോവിൻ മേലുള്ള എല്ലാതരം എഴുത്തുകളും നിർത്തലാക്കണം .

(വി എസ്സ് .ദാസ് )

എക്സിക്യൂട്ടീവ് ഡയറക്ടർ.